സാമൂഹ്യ പ്രത്യാഘാത പഠനം

റിപ്പോർട്ടിന്റെ പൂർണ്ണരൂപം

തിരുവനന്തപുരം സ്വീവേജ് റ്റി.എസ്.എസ്. ഇ ബ്ലോക്ക്

സോൺ : 2, ജഗതി - കൂട്ടാൻവിള

എസ്.ഐ.എ. യൂണിറ്റ്

ഐ. ആർ.ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്)

തിരുവനന്തപുരം

ഉള്ളടക്കം

അദ്ധ്യായം-1 സംഗ്രഹം 6

1.1 ആമുഖം

1.2 സ്ഥാനം

1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

1.4 ബദൽ സാധ്യതകൾ :

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 സാമൂഹ്യ പ്രത്യാഘാത ലഘൂകരണമാർഗ്ഗങ്ങൾ

അദ്ധ്യായം-2 വിശദമായ പദ്ധതി വിവരണം 9

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം

2.3 പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ

2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

2.6 അനുബന്ധഭൗതീക സാഹചര്യങ്ങളുടെ ആവശ്യകത

2.7 തൊഴിലാളികളുടെ ആവശ്യകത

2.8 മുൻപ്നടത്തിയ പഠനങ്ങൾ

2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

അദ്ധ്യായം-3 സംഘാംഗങ്ങൾ, പഠനസമീപനം, പഠനമാർഗ്ഗം 12

3.1 പശ്ചാത്തലം

3.2 സാമൂഹ്യപ്രത്യാഘാതവിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

3.3 എസ്.ഐ.എ ടീം

3.4 ദ്വിതീയവിവരശേഖരണം.

3.5 പദ്ധതി പ്രദേശസന്ദർശനവും വിവരങ്ങൾ നൽകലും

3.6. സാമൂഹികസാമ്പത്തിക സ്ഥിതിവിവരശേഖരണം

3.7. സ്ഥിതിവിവരക്രോഡികരണവും പരിശോധനയും

3.8 സ്ഥിതിവിവരവിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

അദ്ധ്യായം-4 ഭൂമി തിട്ടപ്പെടുത്തൽ 20

4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

4.3 നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

4.4. പൊതുസ്ഥലത്തിന്റെ ഉപയോഗം

4.5 നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമി

4.6 ഏറ്റെടുക്കേണ്ടഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

4.7 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

അദ്ധ്യായം-5 മൂല്യ നിർണയവും വിശകലനവും 22

5.1 ആമുഖം

5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടന്നവർ.

5.3. പരോക്ഷമായി ബാധിക്കപ്പെടുന്നവര്

5.4. ബാധിത കുടുംബങ്ങൾ

5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

അദ്ധ്യായം-6 സാമൂഹിക സാമ്പത്തിക സാംസ്കാരിക അവലോകനം 25

അദ്ധ്യായം-7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി 26

7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം.

7.3 ആഘാത ബാധിതരുടെ തരം

7.4 പൊതുജനങ്ങളുടെ ആശങ്കകൾ

7.5 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുമുള്ള മർഗ്ഗങ്ങൾ

7.6 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

7.7 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

അധ്യായം-8 സാമൂഹ്യ പ്രത്യഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ 29

അധ്യായം-9 സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതി 30

അധ്യായം-10 സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതി നിരീക്ഷണവും അവലോകനവും 31

അധ്യായം-11 വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും 32

11.1 പ്രധാന കണ്ടെത്തലുകൾ

11.2 എസ്.ഐ.എ. എയുടെ ശുപാർശകൾ

അനുബന്ധങ്ങൾ :

(1) ഫോറം 5 (കോപ്പി)
(2) അലയിൻമെന്റ് കോപ്പി
(3) ഗസറ്റ് നോട്ടിഫിക്കേഷൻ
(4) ചോദ്യാവലി
(5) ഭൂഉടമകളുടെ വിശദവിവരം
(6) പത്രപരസ്യം
(7) പബ്ലിക് ഹിയറിംഗ്(ഫോട്ടോസ്)

ABBREVIATIONS

KWA	**KERALA WATERAUTHORTY**
RTFCT in LARR	**RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATIONAND RESETTLEMENT ACT**
SIA	**SOCIAL IMPACT ASSESSMENT**

അദ്ധ്യായം - 1

സംഗ്രഹം

ജഗതി കൂട്ടാംവിള പദ്ധതി ;

തിരുവനന്തപുരം സ്വീവറേജ് പദ്ധതിയിലെ ഇ ബ്ലോക്ക് സോൺ 11 ൽ ഉൾപ്പെട്ട പദ്ധതിയാണ് ജഗതി കൂട്ടാംവിള. ഈ പദ്ധതിയിൽ ജഗതി മുതൽ കൂട്ടാംവിള വരെ 3508 മീറ്റർ പ്രധാന സ്വീവെർ കുഴലുകളും 157 മീറ്റർ ബ്രാഞ്ച് സ്വീവെർ കുഴലുകളും സ്ഥാപിക്കുന്നതായ പ്രവർത്തിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതു സംബന്ധിച്ച് ലോകായുക്തയിൽ ഒരു കേസ് (SUO MOTU 700/2015 B) നിലവിലുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ജഗതി, പൂജപ്പുര, പാങ്ങോട് എന്നീ കോർപ്പറേഷൻ വാർഡുകൾ ഉൾപ്പെട്ട ഏകദേശം 5000 കുടുംബങ്ങൾക്ക് പ്രയോജനം ഉണ്ടാകുന്നതാണ്. ലോകായുക്ത കേസ് നിലവിൽ വന്നതിനുശേഷം സ്ഥാപിക്കേണ്ടിയിരുന്നത് 2452 മീറ്റർ പ്രധാന സ്വീവർ കുഴലുകളും, 157 മീറ്റർ ബ്രാഞ്ച് സ്വീവർ കുഴലുകളുമാണ്. ഇതിൽ 605 മീറ്റർ 2015 പ്ലാൻ പദ്ധതിയിലും 500 മീറ്റർ പ്രധാന കുഴലുകളും 157 മീറ്റർ ബ്രാഞ്ച് ലയനും 2017 - 2018 ലെ അമൃത് പദ്ധതിയിലും ഉൾപ്പെടുത്തി പൂർത്തീകരിച്ചു. ബാക്കി പദ്ധതികൾക്ക് 2017-18 സാമ്പത്തികവർഷത്തിൽ പ്ലാൻ പദ്ധതിയിലും അമൃത് പദ്ധതിയിലും ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിനു ശേഷം വരുന്ന (Ch. 512 മീറ്റർ മുതൽ 785 വരെ) പദ്ധതിയ്ക്കും Ch. 2738 മുതൽ 2908 മീറ്റർ വരെയുള്ള പദ്ധതിക്കും ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ദർഘാസുകൾ ക്ഷണിച്ചു ജഗതി കൂട്ടാംവിള പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.

1.1 ആമുഖം

നഗരത്തിന്റെ ഭാഗമായി മലിനജലം സംസ്ക്കരിക്കുക എന്നത് വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ്. ശാസ്ത്രീയമായ മലിനജലസംസ്ക്കരണം പൊതുജനാരോഗ്യ രംഗത്ത് മാറ്റി നിർത്താനാകാത്ത ഒന്നാണ്.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈയ്ക്കാട് വില്ലേജിൽ ജഗതി പാലത്തിനു സമീപം കരമനയാറിന്റെ കുറുകെ സ്വീവറേജ് പൈപ്പ് ലയിൻ കടന്നുപോകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ നമ്പർ 1024- ആയിട്ടുള്ള 20-04-2016 ലെ അസാധാരണ ഗസറ്റ് പ്രകാരമുള്ള വിജ്ഞാപനം വഴി, ശാസ്തമംഗലം, തൈയ്ക്കാട് എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടതാണ് പദ്ധതി പ്രദേശം. നിലവിൽ സ്വീവേജ് പൈപ്പ്ലൈൻ ശാസ്തമംഗലം വില്ലേജിലെ ഭൂമി ഏറ്റെടുക്കുവാൻ നിശ്ചയിച്ചിരിക്കുന്ന ഭൂമിയുടെ സമീപത്ത് എത്തിചേർന്നിരിക്കുകയാണ്. ഈ മലിനജല പൈപ്പ്ലൈൻ ജഗതി വില്ലേജിലെ നിർദ്ദിഷ്ട പദ്ധതി പ്രദേശവുമായി ബന്ധപ്പെടുത്തിയാൽ മാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്കും സമൂഹത്തിനും ഉപയോഗപ്രദമായി മാറുകയുള്ളു. പ്രസ്തുത പദ്ധതിയ്ക്കായി ആകെ ഏറ്റെടുക്കുന്നത് 0.08108 ആർ വിസ്തീർണ്ണമുള്ള ഭൂമിയാണ്.

1.2 സ്ഥാനം :

തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം, തൈയ്ക്കാട് എന്നീ വില്ലേജുകളിലാണ് പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത്. നിർദ്ദിഷ്ട പദ്ധതി പ്രദേശം കരമനയാറിന്റെ ഇരുവശങ്ങളിലുമാണ് സ്ഥിതി ചെയ്യുന്നത്.

1.3. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി :

നിർദ്ദിഷ്ട പദ്ധതിക്കായി 0.08108 ആർ വിസ്തീർണ്ണം സ്ഥലം ആണ് ഏറ്റെടുക്കുന്നത്. ഇതിൽ 0.04068 ആർ വിസ്തീർണ്ണം ശാസ്തമംഗലം വില്ലേജിലും 0.0404 ആർ വിസ്തീർണ്ണം തൈയ്ക്കാട് വില്ലേജിലുമായി ആണ് വ്യാപിച്ചുകിടക്കുന്നത്.

1.4. ബദൽ സാധ്യതകൾ

മലിനജലം സംസ്ക്കരണം പൊതുജനാരോഗ്യ സംരക്ഷണത്തിനു അത്യാന്താപേക്ഷിമായ ഒന്നാണ്. നഗരപ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന ജനസാന്ദ്രതപോലെതന്നെ വർദ്ധിച്ചുവരുന്ന മലിന്യത്തിന്റെ തോതും വളരെ ശ്രദ്ധനൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിനടുത്തുവരെ നിലവിൽ സ്വീവേജ് പൈപ്പ്ലെയിന്റെ പണി പൂർത്തിയായി നിൽക്കുകയാണ് അതിനാൽ ഭൂമി ഏറ്റെടുക്കൽ സാദ്ധ്യമായാൽ മാത്രമേ സ്വീവേജ് പൈപ്പ് ലെയിൻ ജഗതി മലിന ജലപൈപ്പ് ലെയിനുമായി ബന്ധിപ്പിക്കുവാൻ സാധിക്കുകയുള്ളു. നിലവിലെ പദ്ധതിക്ക് ഒരു ബദൽ മാർഗ്ഗം എന്നുള്ള നിലയ്ക്ക് മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് വഴി നിലവിൽ പ്രസ്തുത പദ്ധതിക്കു ലഭിക്കുന്ന ഗുണങ്ങൾ ലഭിക്കണം എന്നില്ല ശാസ്ത്രീയ മലിനജല സംസ്കരണം എന്നതാണ് ഈ പദ്ധതിയിലൂടെ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നത്. ആയതിനാൽ ബദർമാർഗ്ഗങ്ങൾ നിലവിലെ പദ്ധതിക്കുനൽകുന്ന ഫലം ബദൽമാർഗ്ഗങ്ങൾ നടപ്പിലാക്കുകവഴി ലഭ്യമാക്കും എന്ന് പഠന വിധേയമായി പറയുവാൻ സാധിക്കും.

1.5. സാമൂഹിക പ്രത്യാഘാതങ്ങൾ :

സാമൂഹിക പ്രത്യാഘാത പഠനയൂണിറ്റിന്റെ പ്രധാനമായ ചുമതല സാമൂഹിക പ്രത്യാഘാതങ്ങൾ കണ്ടെത്തി അവയുടെ ആഘാതലഘുകരണത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നുള്ളതാണ്. സാമൂഹിക പ്രത്യാഘാതങ്ങളെ കൃത്യമായി രേഖപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്ന വകുപ്പുകൾക്ക് രേഖാമൂലം നൽകി സാമൂഹിക പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കാനും നടപ്പിലാക്കുവാനും സാമൂഹിക പ്രത്യാഘാതപഠനം പ്രയോജനപ്രദമാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് നിലവിലെ ഭൂമി ഏറ്റെടുക്കൽ മുഖേന ഭൂഉടമകളെ നേരിട്ടു ബാധിക്കുന്നു. നിലവിൽ ഭൂമി ഏറ്റെടുക്കൽ മുഖേന വാസസ്ഥലങ്ങൾക്ക് യാതൊരുവിധ ആഘാതങ്ങളും സംഭവിക്കുന്നില്ല മാത്രമല്ല ഈ ഭൂമി ആരുടെയും ഉപജീവനമാർഗ്ഗം അല്ലാത്തനാൽ ഉടമകളിൽ വലിയ ആഘാതത്തിന്റെ സാധ്യത നിലവിൽ പ്രത്യക്ഷം അല്ല. ആർ.റ്റി.എഫ്.സി.റ്റി.യെ കീഴിൽ എൽ.എ.ആർ.ആർ. ആക്ട്. 2013 ലെ ഭൂമി ഏറ്റെടുക്കാനുള്ള നഷ്ടപരിഹാര വ്യവസ്ഥകൾ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാതങ്ങൾ ലഘൂകരിക്കാൻ

സാധിക്കും.

1.6. സാമൂഹിക പ്രത്യാഘാതലഘൂകരണ മാർഗ്ഗങ്ങൾ :

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹിക പ്രത്യാഘാത പഠനത്തോടൊപ്പം പ്രത്യാഘാതലഘൂകരണ നിർദ്ദേശങ്ങൾ കൂടി പഠന യൂണിറ്റ് പഠനവിധേയമാക്കിയിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഭൂമി ഏറ്റെടുക്കൽ നടപടിയോടനുബന്ധിച്ച് വിവിധതരം സാമൂഹിക പ്രത്യാഘാതങ്ങളെ പ്രത്യാഘാതത്തിന്റെ തരം, സ്ഥിതിവിവരം, ലഘൂകരണമാർഗ്ഗങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.

നമ്പർ	പ്രത്യാഘാതത്തിന്റെ തരം	സ്ഥിതിവിവരം	ലഘൂകരണമാർഗ്ഗങ്ങൾ
1.	ഭൂമി നഷ്ടപ്പെടുന്നത്	9 ഭൂവുടമസ്ഥരുടെ ഭൂമിയെ പ്രത്യക്ഷമാ യയും ബാധിക്ക പ്പെടുന്നു.	2013 ലെ ഭൂമി ഏറ്റെ ടുക്കലിൽ ന്യായമായ നഷ്ട പരിഹാര ത്തിനും സുതാര്യത യ്ക്കും പുരധിവാസത്തിനും പുനഃസ്ഥാപനത്തിനുമായി അവകാശനിയമങ്ങളും ചട്ടങ്ങളും അനുസരിച്ച്
2.	ഉത്പാദനക്ഷമമായ ആസ്തികൾ നഷ്ടപ്പെടുന്നു.	15 ഫവലൃക്ഷങ്ങൾ ബാധിക്ക പ്പെടുന്നു.	
3.	വാണിജ്യസ്ഥാപനങ്ങൾ നഷ്ട പ്പെടുന്നത്	നിലവിൽ നഷ്ടപ്പെടു ന്നില്ല.	
4.	ഉപജീവന സാധ്യതകൾ നഷ്ട പ്പെടുന്നു	ടി	
5.	പൊതുമുതൽ നഷ്ട പ്പെടുന്നത്	ടി	
6.	സാംസ്ക്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നു.	നിലവിൽ നഷ്ടപ്പെടുന്നില്ല	
7.	ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം	പട്ടികജാതി പട്ടികവർഗ്ഗ കുടുംബാംഗങ്ങൾ പദ്ധതി പ്രദേശത്തില്ല	
8.	മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത്.	നിലവിൽ നഷ്ടപ്പെടുന്നില്ല.	

അദ്ധ്യായം : 2

വിശദമായ പദ്ധതി വിവരണം

2.1 പദ്ധതിയുടെ പശ്ചാത്തലം :

കേരള സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന തീരദേശ ജില്ലയാണ്. തിരുവനന്തപുരം. കേരളത്തിന്റെ തലസ്ഥാനം കൂടിയായ തിരുവനന്തപുരം ജില്ലയുടെ ആകെ

വിസ്തീർണ്ണം 2292 ച.കി. മി. ആണ്.

2011 ലെ സെൻസസ് പ്രകാരം ജനസംഖ്യ 3307284 ആണ്. തിരുവനന്തപുരം ജില്ല 11 ബ്ലോക്കുകളും 124 വില്ലേജുകളും 5 നഗരപ്രദേശങ്ങളായും വ്യാപിച്ചു കിടക്കുന്നു. 92.66% സാക്ഷരതഃ കൈവരിക്കാൻ ജില്ലയ്ക്ക് സാധിച്ചിട്ടുണ്ട്. വിസ്തൃതിയിലും ജനസംഖ്യയിലും സംസ്ഥാനത്ത് 1-ാം സ്ഥാനത്ത് നിൽക്കുന്ന തിരുവനനത്പരും കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്നതാണ് നിർദ്ദിഷ്ട ജഗതി - കൂട്ടാൻവിള സ്വീവേജ് സ്കീം പദ്ധതി.

2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നവിധം :

തിരുവനന്തപുരം നഗരത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ഒന്നായ ജഗതി ജംഗ്ഷനു സമീപമായാണ് പദ്ധതി പ്രദേശം, നഗരവൽക്കരണത്തിന്റെ ഭാഗമായി ഭൗതീക സാഹചര്യങ്ങളുടെ വികസനം അനിവാര്യമായ ഒന്നാണ്. ജനസംഖ്യാവർദ്ധനവിനോടൊപ്പം മാലിന്യങ്ങളുടെ വർദ്ധനവും നഗരപ്രദേശങ്ങളിൽ ഭരണകൂടം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വെല്ലുവിളിയാണ്. കാസ്ത്രീയമായ മാലിന്യ സംസ്ക്കരണം ഏതൊരു നാടിന്റെയും ആരോഗ്യരംഗത്ത് അത്യന്താപേക്ഷിതമായ ഒന്നാണ്. നിലവിലെ മലിനജനസംസ്ക്കരണം കേരള വാട്ടർ അതോറിറ്റിയുടെ സ്വീവറേജ് വിഭാഗമാണ് കേരളത്തിലൊട്ടാകെ കൈകാര്യം ചെയ്യുന്നത്.

ജഗതി - കൂട്ടാൻവിള സ്വീവറേജ് പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി ശാസ്തമംഗലം തൈക്കാട് വില്ലേജുകളിൽ ഉൾപ്പെട്ട ഭൂരിഭാഗം പ്രദേശത്തേയും മലിനജലം ശാസ്ത്രീയമായി സംസ്ക്കരിക്കുവാൻ സാധിക്കുന്നതാണ്. പകർച്ചവ്യാധികളും മറ്റുജലജന്യരോഗങ്ങളും അകറ്റിനിർത്തുവാനും പരിസരശുചിത്വം നിലനിർത്തുവാനും നിർദ്ദിഷ്ട പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി സാധിക്കും

2.3. പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ :

തിരുവനന്തപുരം ജില്ലയിലെ തൈക്കാട് ശാസ്തമംഗലം എന്നീ വില്ലേജുകളിലായാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം കണ്ടെത്തിയിട്ടുള്ളത്. പദ്ധതിയ്ക്കായി 0.08108 ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടിവരുന്നത്. അതിൽ 0.04068 ആർ വസ്തീർണ്ണം ശാസ്തമംഗലം വില്ലേജിലും, 0ഭ0404 ആർ വിസ്തീർണ്ണം തൈക്കാട് വില്ലേജിലുമായി വ്യാപിച്ചുകിടക്കുന്നു.

2.4. പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം :

നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിനടുത്തുവരെ നിലവിൽ സ്വീവറേജ് പൈപ്പ്ലൈനിന്റെ പണി പൂർത്തിയായി നിൽക്കുകയാണ്. ശാസ്തമംഗലം തൈക്കാട് വില്ലേജുകളിലെ ഭൂമി ഏറ്റെടുക്കൽ സാധ്യമായാൽ മാത്രമേ കൂട്ടാൻവില സ്വീവറേജ് പദ്ധതി പൂർണ്ണതയിലെത്തുകയുള്ളു. നിലവിൽ ശാസ്തമംഗലം വില്ലേജിലും തൈക്കാട് വില്ലേജിലും സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിതമായിട്ടുണ്ട്. ഇവതമ്മിൽ ബന്ധപ്പെടുത്തുവാൻ വേണ്ടി ഈ ഭൂമി ഏറ്റെടുക്കൽ അനിവാര്യമാണ്. നിലവിലെ ഭൂമി ഏറ്റെടുക്കലിനു ബദലായി മറ്റൊരുപദ്ധതി നടപ്പാക്കിയതുകൊണ്ട് നിലവിൽ ലഭിക്കുന്ന പ്രയോജനം ലഭിക്കുന്നതായി പഠനത്തിൽ

കാണുന്നില്ല.

2.5. നിർമ്മാണത്തിന്റെ സവിശേഷതകൾ :

ജഗതി - കൂട്ടാൻവിള സ്വീവറേജ് പദ്ധതിക്കായി 0.08108 ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടി വരുന്നത്. ഈ പദ്ധതിയുടെ നിർമ്മാണം കേരളവാട്ടർ അതോറിറ്റിയുടെ സ്വീവറേജ് വിഭാഗമാണ് നിലവിൽ മേൽനോട്ടം വഹിക്കുന്നത്. ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി ഒരു പരിധിവരെ മലിനജലസംസ്ക്കരണത്തിന് പരിഹാരം കാണുവാൻ സാധിക്കും. സ്വീവറേജ് ലൈനിന് മുകളിലായി ഗതാഗതസൗകര്യമൊരുക്കുവാനുള്ള ഒരു സാധ്യത ഈ പദ്ധതിമുഖേന കാണുന്നുണ്ട്.

2.6. അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത :

കൂട്ടാൻവിള സ്വീവറേജ് പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടി നിലവിൽ പ്രത്യേക ഭൗതിക സാഹചര്യത്തിന്റെ ആവശ്യം വേണ്ടിവരുന്നില്ല. പ്രദേശത്തെ മറ്റു സേവനങ്ങളെ ഈ പദ്ധതി ബാധിക്കുന്നില്ല. നിലവിൽ നിർമ്മാണ സാമഗ്രികളുടെ സുഗമമായ പദ്ധതി പ്രദേശത്ത് എത്തിക്കുവാനും അത് സൂക്ഷിക്കുവാനുമുള്ള സാഹചര്യം മാത്രമാണ് പഠനവിധേയമായി ശ്രദ്ധയിൽപ്പെട്ടത്.

2.7. തൊഴിലാകളുടെ ആവശ്യതക :

നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ പ്രാധാന്യം മനസ്സിലാക്കി പദ്ധതിയുടെ പൂർത്തീകരണം സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. ഈ പദ്ധതിക്കായി വൈദഗ്ധ്യമുള്ള തൊഴിലാളി കളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. തൊഴിലാളികൾ മുതൽ പദ്ധതി നടപ്പിലാക്കുന്നവർ വരെയുള്ള കാര്യക്ഷമമായ മാനവശേഷിയുടെ വിന്യാസം ഉറപ്പുവരുത്തേണ്ടതാണ്.

2.8. മുൻപ് നടത്തിയ പഠനങ്ങൾ :

കൂട്ടാൻവില സ്വീവറേജ് പദ്ധതിയുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.ആർ.ഡി. നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനമാണ് ഇത്തരത്തിൽ പൂർത്തിയായ ഏക പഠനം.

2.9. ഉപയുക്തമായ നയങ്ങളും നിയമങ്ങളും ;

കൂട്ടാൻവിള സ്വീവറേജ് പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിഏറ്റെടുക്കൽ, സുതാര്യത പുരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിയമങ്ങളും

ചട്ടങ്ങളും ബാധകമാകുന്നതാണ്.

- 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുളള അവകാശ നിയമം
- 2015 ലെ കേരള ഭൂമി ഏറ്റെടുക്കലിലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുളള അവകാശചട്ടങ്ങൾ.
- 17-10-2015 ലെ 36253 ബി1 2014 ആർ.ഡി. നമ്പർ സർക്കാർ പരിപത്രം.
- തുടർന്നുളള സർക്കാർ വിജ്ഞാപനങ്ങളും ഉത്തരവുകളും.
- അതത് കാലത്ത് കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ.

അദ്ധ്യായം : 3

സംഘാംഗങ്ങൾ, പഠന സമീപനം, പഠന മാർഗ്ഗം

3.1. പശ്ചാത്തലം

ജഗതി-കൂട്ടാൻവിള സ്വീവറേജ് പദ്ധതിയക്കായി ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാ ഭരണകൂടം സാമൂഹ്യ പ്രത്യാഘാത പഠനത്തിനായി ഐ.ആർ.ഡി (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്ഥലമേറ്റെടുക്കലിനു വിധേയമായി ആഘാതം നേരിടേണ്ടിവരുന്ന സ്ഥലമുടമകളുടെയും, കെട്ടിടഉടമകളുടെയും കുടുംബാംഗങ്ങളുടെയുടെ കണക്കെടുപ്പ്, സാമൂഹികആഘാതം കണക്കാക്കുക എന്നിവയാണ് സാമൂഹിക പ്രത്യാഘാതത്തിൽ ഉൾപ്പെടുത്തിയിട്ടുളളത്. ഈ പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ കുടുംബങ്ങൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാത ബാധിതരായ വ്യക്തികൾ കുടുംബങ്ങൾ സ്ഥാപനങ്ങൾ എന്നിവയെ നേരിട്ടു സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് വിവരങ്ങളും അഭിപ്രായങ്ങളും ശേഖരിക്കുന്നതിനുഃം ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3.2. സാമൂഹ്യപ്രത്യാഘതാ വിലയിരുത്തൽ പഠനവും നിർവ്വഹകണ പ്ലാൻ തയ്യാറാക്കൽ :

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുകയും അത് ജനങ്ങളുടെ ഭൗതീകവും സാമ്പത്തികവുമായ സുസ്തിരതയ്ക്ക് ആഘാതമേൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘതപഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിനുമുൻപുളള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുളള പദ്ധതികളാണ് പുനരധിവാസപദ്ധതികളിൽ നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുളള ആവശ്യകതകൾ മുന്നിൽ കണ്ടാണ് സാമൂഹിക പ്രത്യാഘാതപഠനവിലയിരുത്തലുകൾ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുളള മുന്നോരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നോരുക്കങ്ങൾ താഴെ പറയുന്നവയാണ്.

- പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആഘാതബാധിത പൊതുജനങ്ങൾ എന്നിവരുമായുളള ചർച്ചകളും ആശയവിനിമയവും.
- 2013 ൽ നിലയിൽവന്ന ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുളള അവകാശ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും വായിച്ചു മനസ്സിലാക്കുക
- വ്യത്യസ്ഥ തലങ്ങളിൽ നിന്നുളള ദ്വിതീയ വിവരശേഖരണം അനുയോജ്യമായ വിവരങ്ങളും പ്രമാണങ്ങളും റിപ്പോർട്ടുകളും പഠന വിധേയമാക്കാൽ,
- റവന്യൂ വാട്ടർ അതോറിറ്റി എന്നീവകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്നുളള പദ്ധതി പ്രദേശ സന്ദർശനം
- പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായുളള ആശയവിനിമയവും
- ആഘാതബാധിതരായ വ്യക്തികളുടെയും കുടുംബാംഗങ്ങളുടെയും വസ്തുവക കളുടെയും കണക്കെടുപ്പും വിവരശേഖരണവും.

- സാമൂഹിക സാമ്പത്തിക സ്ഥിതിവിരങ്ങളുടെ വിശകലനം
- പദ്ധതി പ്രദേശത്തെ ആഘാതാ ബാധിതരായ ജനങ്ങളുമായുളള അഭിമുഖങ്ങളും ചർച്ചയും.
- പദ്ധതി പ്രദേശത്തെ പൊതുജനങ്ങളുമായുളള അഭിമുഖങ്ങളും ചർച്ചയും.
- സാമൂഹികാഘാത പഠനവിലയിലുത്തൽ റിപ്പോർട്ടിന്റെ കരട് രൂപം തയ്യാറാക്കലും പ്രസിദ്ധീകരണവും.
- പബ്ലിക്ക് ഹിയറിംഗ്
- സാമൂഹീകാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുക.

3.3. സാമൂഹീകആഘാതപഠന റിപ്പോർട്ട് തയ്യാറാക്കൽ അംഗങ്ങൾ :

പേര്	പ്രോഫൈൽ	നിയോഗിച്ചിട്ടുള്ള ഉദ്യോഗം
സി. ബാലചന്ദ്രൻ	പ്രോജക്ട് ഡയറക്ടർ	പദ്ധതി ഉണ്ടാക്കൽ, റിപ്പോർട്ട് തയ്യാറാക്കൽ, ജനറൽ സൂപ്പർവിഷൻ
എസ്.എസ്. സജീഷ്കുമാർ	പ്രോഗ്രാം മാനേജർ	ഡാറ്റാമാനേജ്മെന്റിലും സർവ്വെയിലും ഫീൽഡ് കോ-ഓഡിനേഷനിലും വൈദഗ്ദ്ധ്യം
സോമൻ	ടീം ലീഡർ	ഡാറ്റാമാനേജ്മെന്റിലും സർവ്വെയിലും ഫീൽഡ് കോ-ഓഡിനേഷനിലും വൈദഗ്ദ്ധ്യം
അബിൻ.എസ്	സോഷ്യൽ അനലിസ്റ്റ്	ഡാറ്റാശേഖരണം, ഡാറ്റവിശകലനം എസ്.ഐ.എ. സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കൽ
എസ്. ഗിരിജാദേവി	ഡോക്കുമെന്റേഷൻ	ഡാറ്റാ മാനേജ്മെന്റിൽ വൈദഗ്ദ്ധ്യം

3.4 ദ്വതീയവിവര ശേഖരണം :

ജഗതി-കൂട്ടാൻവിള സ്വീവറേജ് പദ്ധതി ഭൂമിഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനവിലയിലുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീയവിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നു ശേഖരിക്കുകയും പഠനവിധേയമാക്കുകയും പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊളളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ ആഘാത ബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രാധമിക വിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പരപൂരകങ്ങളാണെന്നു ബോധ്യപ്പെടുകയും ചെയ്തിട്ടുളളതാണ്. ആഘാത ബാധിതമായ പ്രദേശത്തെ ഭൗതീക സാമൂഹ്യസാമ്പത്തിക സാംസ്ക്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്ന ലഭ്യമായ ദ്വിതിയ വിവരങ്ങൾ.

3.5. പദ്ധതി പ്രദേശ സന്ദർശനവും വിവരങ്ങൾ നൽകലും :

വിശദമായ സാമൂഹ്യ പ്രത്യാഘാത പഠനവിലയിരുത്തൽ നൽകുന്നതിനു മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രാരംഭമായി സാമൂഹ്യസാമ്പത്തിക സ്ഥിതിവിരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാ സ്ഥിതിവിവര ശേഖരണത്തിൽ ഏതാനും പേരിൽ നിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും അവരുടെ പ്രതികരണം ആരായുംകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണതോതിലുളള വിവരശേഖരണം നടത്തുകയും ചെയ്തു. റവന്യൂ, വാട്ടർ അതോറിട്ടി സ്വീവറേജ് വിഭാഗം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരോടൊപ്പം പഠനസംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ആവശ്യമായ വിവരങ്ങൾ ആഘാതബാധിതരോട് വെളിപ്പെടുത്തുകയും ചെയ്തു.

പദ്ധതി പ്രദേശവും ആഘാതബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രാധമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നു നേരിട്ടുശേഖരിക്കുകയും ലഭിച്ചവിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹ്യപ്രത്യാഘത പഠനകരടുറിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

3.6. സാമൂഹ്യസാമ്പത്തിക സ്ഥിതിവിരശേഖരണം :

ശാസ്തമംഗലം, തൈയ്ക്കാട് എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ് പദ്ധതി പ്രദേശം. പ്രാദേശിക തലത്തിൽ സാമൂഹ്യസാമ്പത്തിക സ്ഥിതിവിരശേഖരണം നടത്തുന്നതിനു മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാത ബാധിതരായ വ്യക്തികളുടെയും കുടുംബങ്ങളുടേയും സ്ഥാപനങ്ങളുടെയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ തണ്ടപ്പേർ നമ്പർ, ഭൂവിസ്തൃതി, സർവ്വെ നമ്പർ എന്നിങ്ങനെയുളള വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ നിന്നും ശേഖരിച്ചു. കാര്യക്ഷമമായ രീതിയിൽ ഭൂരേഖാ റിക്കോർഡുകൾ സൂക്ഷിച്ചുവച്ചിരിക്കുന്നതിനാൽ വിവരശേഖരണം സുഗമമായിരുന്നു. ഭൂരേഖ, ഉടമസ്ഥത എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം പ്രാദേശികതലത്തിൽ സാമൂഹ്യ സാമ്പതിക സ്ഥിതിവിവരശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിച്ചു. ആഘാത ബാധിതരായ വ്യക്തികളെ നേരിട്ടുകണ്ടു വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

ആഘാതബാധിതരായ വ്യക്തികളെ സംബന്ധിച്ച വിവരങ്ങളായ ഭൂമിയുടെ തരം, സാമൂഹ്യസ്ഥിതി മനസ്സിലാക്കുന്നതിനായി കുടുംബത്തിന്റെ വ്യക്തി വിവരങ്ങൾ, ഉടമസ്ഥനോ വാടകകാരനോ എന്നു തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പുകൾ, തൊഴിൽ, വരുമാനം, ചിലവ് വീട്ടിലെ മുതലുകൾ, വാണിജ്യവ്യവസായ സ്വയംതൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിങ്ങനെ നിരവധിയായ വിവരങ്ങൾ ചോദ്യാവലിയുടെ സഹായത്തോടെ ശേഖരിക്കുകയും അവരുടെ മുഖ്യമായ നിർദ്ദേശങ്ങൾ പ്രത്യേകമായി ചോദ്യാവലിയുടെ അനുബന്ധമായി രേഖപ്പെടുത്തുകയും ചെയ്തു. ചോദ്യാവലി പൂരിപ്പിക്കുന്നതിനു മുന്നോടിയായി ഉടമസ്ഥനെ തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പ്

നികുതി ശീട്ട്, ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ് എന്നിങ്ങനെയുളള രേഖകളിൽ ലഭ്യമായവയുടെ പകർപ്പ് കാണുകയും ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

3.7. സ്ഥിതിവിവരക്രോഡീകരണവും പരിശോധനയും :

പദ്ധതി പ്രദേശത്തുനിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ തരംതിരിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.

3.8. സ്ഥിതിവിവരവിശകലനവും റിപ്പോർട്ട് തയ്യാറാക്കലും :

ശേഖരിച്ച മുഴുവൻ സ്ഥിതിവിരങ്ങളും വ്യത്യസ്തമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് അന്തിമമായ അനുമാനങ്ങളിൽ എത്തിച്ചേരുകയും അവ സാമൂഹ്യ പ്രത്യാഘാത പഠനവിശകലനറിപ്പോർട്ടുതയ്യാറാക്കുന്നതിനു ഉപയോഗിക്കുകയും ചെയ്തു.

3.9. പൊതുജനങ്ങളുമായുളള കൂടിയാലോചന :

പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ തത്പര കക്ഷികളുമായി എസ്.ഐ.എ. യൂണിറ്റ് ചർച്ചകൾ സംഘടിപ്പിക്കുകയും സ്ഥലം ഏറ്റെടുക്കൽ മൂലമുളള ആഘാതം പരമാവധി കുറയ്ക്കുന്നതിനുവേണ്ടിയുളള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുകയും ചെയ്തു. വ്യക്തിഗത അഭിമുഖം, ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയാണ് എതിനുവേണ്ടി തെരഞ്ഞെടുത്ത മാർഗ്ഗങ്ങൾ.

കേരള വാട്ടർ അതോറിറ്റിക്ക് മേൽ സൂചിപ്പിച്ച ജഗതി - കൂട്ടാൻവിള സ്കീ നടപ്പാക്കുന്നതിന് വേണ്ടി സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ശാസ്തമംഗലം വില്ലേജിലെ 141/3, 141/4, 141/8, 141/10, 141/11, 141/39 എന്നീ വർവ്വെ നമ്പരുകളിൽ പ്പെട്ട ഭൂമിയിൽ നിന്നും 0.04068 ആർ പുരയിടവും തൈയ്ക്കാട് വില്ലേജിലെ 57/16, 57/42, 57/12 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 0.0404 ആർ പുരയിടവുമാണ് ഏറ്റെടുക്കേണ്ടി വരുന്നത്. 9 വസ്തു ഉടമകളാണ് ടി വസ്തുവിന്റെ അവകാശികളായി കാണുന്നത്. ഈ 9 വസ്തു ഉടമകളെയും നേരിൽകണ്ട് വിവരം ധരിപ്പിക്കുകയും 13-08-2018 ന് കൂടുന്ന യോഗത്തിന് പങ്കെടുക്കുന്നതിനുണ്ടി നോട്ടീസ് നൽകുകയും ചെയ്തു.

ചാടിയറ എൻ.എസ്.എസ്. കരയോഗം ഹാളിൽ കൂടിയ പൊതുയോഗം

പാറ്റൂർ വാട്ടർ വർക്സ് ആഫീസിലെ എക്സിക്യൂട്ടീവ് എൻഞ്ചിനിയറുടെ നിർദ്ദേശപ്രകാരം അടിയന്തിരമായി ഒരു പൊതുയോഗം വിളിച്ചുകൂട്ടുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രസ്താവിച്ച തൈയ്ക്കാട് ശാസ്തമംഗലം വില്ലേജിലെ ബന്ധപ്പെട്ട

വസ്തു ഉടമകളുടെ ഒരു യോഗം 13/08/2018 ന് രാവിലെ 10 മണിക്ക് പൂജപ്പുര ചാടിയറ എൻ.എസ്.എസ്. കരയോഗം ഹാളിൽ കൂടുകയുണ്ടായി. ബഹു. പൂജപ്പുര വാർഡ് കൗൺസിലർ ശ്രീമതി.വിജയലക്ഷ്മി അവർകളെയും, ജഗതി വാർഡ് കൗൺസിലർ ശ്രീമതി. ,ഷീജമധുവിനേയും കാലേകൂട്ടി ക്ഷണിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പൂജപ്പുര വാർഡുകൗൺസിലറുടെ ഭർത്താവിന്റെ ഓപ്പറേഷൻ കാരണം അവരും, ജഗതി വാർഡുകൗൺസിലർ മുൻകൂട്ടി നിശ്ചയിച്ചിരുന്ന മറ്റ് പരിപാടികൾ ഉണ്ടായിരുന്നതിനാൽ യോഗത്തിൽ പങ്കെടുക്കാനായില്ല. ഐ.ആർ.ഡി. പ്രോജക്ട് ഡയറക്ടർ ശ്രീ. ബാലചന്ദ്രൻ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. പി.ഡബ്ല്യു.ഡി. അസിസ്. എക്സ്സി. എൻഞ്ചിനിയർ ശ്രീ. ഗണേഷ് അവർകൾ പ്രോജക്ട് നടപ്പാക്കുന്നതിലൂടെ ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് വളരെ വ്യക്തമായിതന്നെ വസ്തു ഉടമകളെ ബോദ്ധ്യപ്പെടുത്തി. തുടർന്ന് വസ്തു ഉടമകളുടെ ആശങ്കകൾക്കും, സംശയങ്ങൾക്കും ഉദാഹരണങ്ങൾ നിരത്തി അവതരിപ്പിച്ചു. ശ്രീ. എസ്.എസ്.സജീഷ് കുമാർ, ഐ.ആർ.ഡി. പ്രോജക്ട് മാനേജർ, ഈ പ്രോജക്റ്റിൽ ഐ.ആർ.ഡി. യുടെ പങ്ക് എന്താണ് എന്ന് വിശദമായി സംസാരിച്ചു. യോഗത്തിന് പ്രോജക്ട് കോർഡിനേറ്റർ ചെമ്പഴന്തി സോമൻ സ്വാഗതവും ശ്രീമതി. എസ്. ഗിരിജാദേവി നന്ദിയും പറഞ്ഞു.

യോഗത്തിൽ പൊതുവായുണ്ടായ അഭിപ്രായം ;

യോഗത്തിൽ പങ്കെടുത്ത ഒൻപതിൽ എട്ട് അംഗങ്ങളും അഭിപ്രായപ്പെട്ടത് വസ്തുഉടമകളുടെ വസ്തുവിന്റെ സ്കെച്ചുമായി സർവ്വേയർ സ്ഥലത്തെത്തുകയും വസ്തു ഏറ്റെടുക്കുന്ന ഭാഗം ഏതാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു. 1/4, സെന്റ്, 1/ 2 സെന്റ് ഒക്കെ ഏറ്റെടുക്കുമ്പോൾ ബാക്കി സ്ഥലത്തെക്കുറിച്ച് വ്യക്തമായ ഒരു ധാരണ ഉണ്ടാക്കിയെടുക്കുന്നതിന് വേണ്ടിയാണ് വസ്തുഉടമകൾ ഈ അഭിപ്രായം മുന്നോട്ട് വച്ചത്. വസ്തു അളന്ന് കല്ലിടുന്നസമയം ഉദ്യോഗസ്ഥരായ പലർക്കും സമയത്തിന് എത്തിച്ചേരാൻ കഴിഞ്ഞില്ലായെന്ന വസ്തുതയും അവർ അസി.എക്സി. എൻഞ്ചിനിയറോട് പങ്കുവച്ചു. അതിന് വേണ്ടി ഒരു ദിവസം തീരുമാനിക്കുവാനും ആ സമയം ബന്ധപ്പെട്ട വസ്തു ഉടമകളെ അറിയിക്കാമെന്നും ഉറപ്പു നൽകുകയുണ്ടായി. അന്നേദിവസംതന്നെ ഇന്നത്തെപ്പോലെ ഒരു യോഗം വീണ്ടും വിളിച്ചുകൂട്ടുവാനും തീരുമാനമെടുത്തു.

യോഗത്തിൽ വച്ച് തൈയ്ക്കാട് വില്ലേജിൽപ്പെട്ട വസ്തു ഉടമകളായ ശ്രീമതിമാർ പത്മ,

ലക്ഷ്മി എന്നിവർ സ്ഥലം വിട്ടുകൊടുക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചു. ഇവരുടെ അനുമതി ഇല്ലാതെ വസ്തുവിൽ പ്രവേശിച്ച് സർവ്വെ കല്ലുകൾ സ്ഥാപിച്ചു എന്നതാണ് ഒരു കാരണം. മറ്റൊന്ന് 2009 – ബഹു. തിരു: മുൻസിഫ് കോടതിയിൽ നിന്നും ഇവർക്ക് അനുകൂലമായ വിധി ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ പ്രസ്തുത വിധിപ്പകർപ്പ് യോഗത്തിൽ ഹാജരാക്കിയില്ല. ആയതിനാൽ ബഹു. ജില്ലാ കളക്ടർ കൂടുന്ന യോഗത്തിൽ വിധിപ്പകർപ്പ് കാണിക്കാമെന്ന് അഭിപ്രായപ്പെട്ടു.

തൈക്കാട് വില്ലേജിലെ 3 കൈവശങ്ങളിൽ ശ്രീമതി. പത്മ, ലക്ഷ്മി എന്നിവരുടെ ഒന്നായിക്കിടപ്പുള്ള വസ്തുവിൽ നിന്ന് 15 മൂട് കായ്ഫലം കുറഞ്ഞതായ തെങ്ങുകളും 4 മൂട് അയണിമരങ്ങൾ (വിറക് വിലയുള്ളത്) മുറിച്ചു മാറ്റേണ്ടിവരുന്നു. കരമനയാറിന്റെ മറ്റേകരയിലുള്ളതും ശാസ്തമംഗലം വില്ലേജിൽ ഉൾപ്പെട്ടതുമായ കൈവശക്കാരിൽ ശ്രീമതി. രാജമ്മ എന്ന വസ്തു ഉടമയ്ക്ക് 2 മൂട് കായ് ഫലമുള്ള തെങ്ങും 1 മൂട് പാഴ്മരവും, ശ്രീകണ്ഠൻ നായർക്ക് 1 മൂട് തെങ്ങും മുറിച്ച് മാറ്റേണ്ടി വരുന്നു. ഈ മരങ്ങൾക്കുള്ള പ്രതിഫലം നൽകേണ്ടതാണ്.

3.10. പബ്ലിക് ഹിയറിംഗ് :

LARR Act 2013 RTFCT Form 5 റൂൾ 14(1) പ്രകാരം ചാടിയറ എൻ.എസ്.എസ്. ഹാളിൽ വച്ച് ഒരു പബ്ലിക് ഹിയറിംഗ് നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ബഹു. വാട്ടർ അതോറിറ്റി എഞ്ചിനിയർ പദ്ധതി ബാധിത പ്രദേശത്തെ കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു. പ്രസ്തുത യോഗാത്തിൽ പങ്കെടുത്ത ഓരോരുത്തരുടെയും അഭിപ്രായങ്ങൾ ആശങ്കകൾ, KWA നൽകിയ മറുപടികൾ എന്നിവ ചുവടെ ചേർക്കുന്നു.

25-10-2018 ൽ ചാടിയറ എൻ.എസ്.എസ്. ഹാളിൽ വച്ച് കൂടിയ പൊതുന്യായവിചാരണയോഗത്തിൽ ഐ.ആർ.ഡി. ചെയർമാൻ ശ്രീ. ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. എസ്. സോമൻ വിശിഷ്ഠാതിധികൾക്ക് സ്വാഗതം രേഖപ്പെടുത്തുകയും ചെയ്തു. അദ്ധ്യക്ഷൻ ശ്രീ. സി.ബാലചന്ദ്രൻ തിരുവനന്തപുരം സ്വീവേജ് ഠടടഋ ബ്ലോക്ക് സോൺ : 2 ജഗതി - കൂട്ടാൻവിള സ്കീമിനെക്കുറിച്ച് ആമുഖ പ്രഭാഷണം നടത്തി. കേരളത്തിൽ അതി രൂക്ഷമായിരിക്കുന്ന ഒന്നാണ് മാലിന്യവും മലിനജലനിർമ്മാർജ്ജനവും, ഡൽഹികഴിഞ്ഞാൽ ഏറ്റവുംകൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനം കേരളമാണ്. കേരളത്തിലെ പ്രധാനപ്പെട്ട സിറ്റികളിൽ മുഴുവൻ 2 മുതൽ 5 സെന്റുവരെയുള്ള ഭൂമിയിൽ

വീടുവെച്ച് താമസിക്കുന്നവരാണ് അധികവും. മിക്കവാറും വീടുകളിലെ മലിനജലം റോഡുസൈഡുകളിലുള്ള ഓടകളിലൂടെയാണ് ഒഴുക്കുന്നത്. ഈ മലിന ജലംനീർവാർച്ച കളിലും, തോടുകളിലും പുഴകളിലും ഒഴുകി പുഴകൾ മലീമസമായികൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ സ്വീവേജ് പ്രോജക്ടിന്റെ പ്രാധാന്യം എടുത്തുപറയേണ്ടതില്ലല്ലോ. പ്രത്യേകിച്ച് മെട്രോപൊളിറ്റൻ സിറ്റികളിൽ സ്വീവേജ് പ്രോജക്റ്റുകൾ കാര്യക്ഷമമായി നടത്തിയില്ലെങ്കിൽ അതുവലിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും. അതുകൊണ്ടാണ് വാട്ടർ അതോറിറ്റി ഈ പദ്ധതി വിഭാവനം ചെയ്തു നടപ്പിലാക്കുവാൻ ശ്രമിക്കുന്നത്. വലിയ ജനവാസ സാന്ദ്രതയുള്ള പ്രദേശമല്ല ഈ പ്രോജക്റ്റിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം. ചെറിയ ചെറിയ കൈവശങ്ങളും വീടുകളെ ഉൾപ്പെടുത്താതെ ഉണ്ടാക്കിയ ഈ പൈപ്പ്ലൈൻ അലൈൻമെന്റ് കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക കഴിവാണ്. അതിനുവേണ്ടി എടുക്കുന്ന സ്ഥലം സർക്കാർ നിശ്ചയിച്ചിട്ടുള്ള പാരിതോഷികം കൈപ്പറ്റികൊണ്ട് വിട്ടുകൊടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ഈ പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുവാൻ വാർഡ് കൗൺസിലർ ഡോ.വിജയലക്ഷ്മി ക്ഷണിച്ചു. ഈ പദ്ധതി ജനങ്ങൾക്ക് മാത്രമല്ല വരുംതലമുറക്കുവരെ അനുയോജ്യമാണെന്നും അവർ അഭിപ്രായപ്പെട്ടു. ഈ പദ്ധതി ചാടിയറ മാത്രമാണ് നീട്ടാനുള്ളത് ബാക്കി ഭാഗങ്ങളെല്ലാം പൈപ്പ് ഇട്ട് പൂർത്തിയാക്കിയിരിക്കുകയാണ് ഭൂമികിട്ടുന്നതനുസരിച്ച് പൈപ്പ് ലൈൻ ഇടും. ഈ പ്രദേശത്തിന്റെ ജനപ്രതിനിധി എന്നനിലയിൽ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. സർക്കാർ അംഗകരിച്ചിട്ടുള്ള പാരിതോഷികം സ്വീകരിച്ചുകൊണ്ട് ഈ പ്രോജക്ടിന് വേണ്ട ഭൂമിവിട്ടുകൊടുക്കണമെന്ന് ഞാൻ അവശ്യപ്പെടുന്നു. വാട്ടർ അസോറിട്ടി എക്സിക്യൂട്ടിവ് എൻജിനിയർ ശ്രീ. ബാലഗോപാൽ പദ്ധതിയെക്കുറിച്ച് സരളമായ ഭാഷയിൽ അലൈൻമെന്റിന്റെ കോപ്പികൾ നൽകി സംസാരിച്ചു. അലൈൻമെന്റ് കല്ലുകൾ നേരത്തെ നിക്ഷേപിച്ചതും ഈ പ്രോജക്റ്റിന്റെ രണ്ടറ്റവും പൈപ്പ് ലൈൻ നിക്ഷേപിച്ചതുകാരണം മാറ്റി കല്ലിടാൻ സാദ്ധ്യമല്ല. കൂടാതെ ശുദ്ധജലം പമ്പ് ചെയ്ത് വിടുന്നതുപോലെ സ്വീവേജ് വാട്ടർ വിടാൻ പറ്റില്ല. സ്വീവേജ് വാട്ടർ സ്വാഭാവികമായ ഗതിയിലേ ഒഴുകുകയുള്ളു. അതുകൊണ്ട് ഈ പദ്ധതിയുടെ വിജയത്തിനായി ആരോഗ്യകരമായ പരിസരം ഉറപ്പുവരുത്തുന്നതിനുവേണ്ടി മേൽ പറഞ്ഞ 9 പേർ തങ്ങളുടെ ചെറിയ തോതിലുള്ള സ്ഥലം വിട്ടുകൊടുത്തുകൊണ്ട് ഈ പദ്ധതിയെ വിജയിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. അതിനുശേഷം പ്രത്യാഘാത ബാധിതർക്ക് അഭിപ്രായം രേഖപ്പെടുത്തുവാൻ സമയം നൽകി.

മിക്കവാറും എല്ലാവരും അർഹമായ പാരിതോഷികം ലഭിക്കുന്നതിനനുസരിച്ച് സ്ഥലം വിട്ടുകൊടുക്കുവാനും സ്വമനസ്സാലെ സമ്മതിച്ചു.

അദ്ധ്യായം 4

ഭൂനിർണ്ണയം

ആമുഖം

കൂട്ടാൻവിള സ്വീവറേജ് പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിഏറ്റെടുക്കൽ, ഭൂമിനഷ്ടപ്പെടുന്ന മുഴുവൻ വ്യക്തികളുടെയും, പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുന്നവരുടെയും, സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതിവിരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ

അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി പൂർത്തീകരിക്കുകയും ആഘാതബാധിതമായ വസ്തുക്കൾ ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യസ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ വരുമാനവും ജീവനോപാധികളും, ഭൂമിഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായവ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. നിർദ്ദിഷ്ട കൂട്ടാൻവിള സ്വീവറേജ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിന് സാമൂഹ്യസാമ്പത്തിക സ്ഥിതിവിവരകണക്കെടുപ്പ് സഹായകമായി.

4.1. പദ്ധതി മൂലമുണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം :

പദ്ധതിക്കായി മൊത്തം 0.08108 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതിൽ 9 സ്വകാര്യവ്യക്തികളുടെ ഭൂമിയാണ് ഇതിൽ ഉൾപ്പെട്ടത്. പദ്ധതിയ്ക്കായി നിലവിൽ ഏറ്റെുക്കുന്ന ഭൂമി പുരയിടം മാത്രമാണ്. ആയതിനാൽ പദ്ധതി നടപ്പിലാക്കുന്നതിലൂടെയുള്ള ആഘാതം താരതമ്യേന കുറവാണ്. പഠനത്തിലൂടെ മനസ്സിലാക്കാൻ സാധിച്ചത് ആർക്കുംതന്നെ വീടോ മറ്റുപജീവനമാർഗ്ഗങ്ങളോ ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ നഷ്ടപ്പെടുന്നില്ല. പൊതുജനാരോഗ്യസംരക്ഷണത്തിനായുള്ള പദ്ധതി ആയതിനാൽ ജനങ്ങളിൽ നിന്നു ഭൂമി ഏറ്റെടുക്കുന്നതിന് ആരും തന്നെ തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടില്ല.

പദ്ധതിക്കായി ഭൂമിഏറ്റെുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതത്തിന്റെ വിവരങ്ങൾ ചുവടേ പട്ടികയിൽ

NO	Use of land	Count	Percentage
1.	Vacant Plot	9	100%

4.2. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ :

അനുബന്ധം - 2 ൽ ചേർത്തിരിക്കുന്നു.

4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി ;

ജഗതി - കൂട്ടാൻവിള സ്വീവറേജ് പദ്ധതിക്ക് 0.08108 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. പദ്ധതി പ്രദേശത്ത് 09 സ്വകാര്യ ഉടമകളുടെ വകഭൂമിയുമാണ് ഉള്ളത്.

Land ownership	Count	Percentage

Private	**09**	**100%**

4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം :

പദ്ധതി പ്രദേശത്തെ ഭൂമി ഏറ്റെടുക്കലിൽ ഗവൺമെന്റുവക ഭൂമി ഏറ്റെടുക്കേണ്ടതായി വന്നിട്ടില്ല. സ്വകാര്യഭൂമിയാണ് ബാധിക്കപ്പെടുന്നത്.

4.5. നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമി :

ജഗതി - കൂട്ടാൻവിള സ്വീവറേജ് പദ്ധതിയ്ക്കായി നിലവിൽ ഭൂമി ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

4.6. ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ :

നിർദ്ധിഷ്ട പദ്ധതിയ്ക്കായി , ശാസ്തമംഗലം, തൈയ്ക്കാട് എന്നീ വില്ലേജുകളിൽ നിന്നും 0.08108 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. അതിൽ 09 സ്വകാര്യ ഉടമകളുടേതാണ്.

അദ്ധ്യായം-5

മൂല്യ നിർണയവും വിശകലനവും

5.1 ആമുഖം

ഭൂമി ഏറ്റെടുക്കൽ മൂലം ഭൂഉടമകൾക്ക് നേരിടേണ്ടി വരുന്ന പ്രത്യക്ഷവും പരോക്ഷവുമായുള്ള നഷ്ടങ്ങളുടെ കണക്കെടുപ്പിനെപ്പറ്റിയാണ് ഈ അദ്ധ്യാത്തിൽ പ്രതിപാദിക്കുന്നത്.

5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത്.

കൂട്ടാൻവിള സ്വീവറേജ് പദ്ധതിക്കായി ഏറ്റെടുക്കുന്നപ്രദേശം നിലവിൽ യാതൊരുവിധ കെട്ടിടങ്ങളോ മറ്റുവാണിജ്യവ്യാപാരസ്ഥാപനങ്ങളോ ഉൾക്കൊളളുന്ന ഭൂമിയല്ല. അതിനാൽ പദ്ധതിനടപ്പിൽ വരുന്നതിലൂടെ ആരുടെയും ഉപജീവനമാർഗ്ഗം പൂർണ്ണമായോ ഭാഗീകമായോ നഷ്ടപ്പെടുന്നില്ല. നിലവിൽ ഫവല്യക്ഷങ്ങളിൽ നിന്നു ലഭിക്കുന്ന വരുമാനമാർഗ്ഗം മാത്രമേ ഭൂമി ഉടമസ്ഥർക്ക് നഷ്ടപ്പെടുന്നുളളു. നിർദ്ദീഷ്ടപദ്ധതി പ്രദേശം തലസ്ഥാന നഗരിയോടടുത്ത പ്രദേശമായതിനാൽ ഉടമസ്ഥർക്ക് സ്വാഭാവികമായി ഉണ്ടാകുന്ന മാനസീക സംഘർഷങ്ങൾ ഈ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. കൃത്യമായ നഷ്ടപരിഹാര പാക്കേജിലൂടെ ഈ ആഘാതത്തിന്റെ തോത് കുറയ്ക്കുവാൻ സാധിക്കുമെന്ന് പഠനവിധേയമായി കണ്ടെത്തിയിട്ടുണ്ട്.

തിരുവനന്തപുരം - ജഗതി പാലത്തിന് സമീപം കരമനയാറിന്റെ ഇരുവശത്തുകൂടി സ്വീവറേജ് പൈപ്പ്ലയിൻ കടന്നുപോകുന്നതിന്വേണ്ടി-

സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് & സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ രൂപരേഖ, ജില്ലാ കളക്ട്രേറ്റ്,

തിരുവനന്തപുരം

നമ്പർ	നമ്പർ L&R	പദ്ധതി ബാധിത വ്യക്തികളുടെ പേരും വിവരങ്ങളും	വില്ലേജ്	ബ്ലോക്ക്	സർവ്വെ നമ്പർ	സബ് ഡിവിഷൻ	ഭഭൂമിയുടെ തരം	ഭൂമിയുടെ ഇനം	സ്വകാര്യ ഭൂമിയെങ്കിൽ വിഭാഗം	ഉടമസ്ഥതയുടെ സ്ഥിതി	ഉടമസ്ഥത ആുടെ കാലയളവ്	ഭൂമിയുടെ ഉപയോഗ രീതി
1.		ശ്രീകുമാർ S/o.നാരായണപിളള ബിനുഭവൻ, ചാടിയറ കാവുവിളാകം ലൈൻ, അഞ്ചാമട (TP.10727)	ശാസ്തമംഗലം		141/3		കര ഭൂമി	സ്വകാര്യം	സ്വന്തം ഉടമസ്ഥത	രജിസ്റ്റർ ചെയ്ത ഉടമ	വർഷം	ഒഴിഞ്ഞ ഭൂമി
2.		സുകുമാരൻ നായർ, S/o. വേലായുധൻ പിളള ശ്രീഭവൻ, ചാടിയറ, അഞ്ചാമട (TP.10728)	ശാസ്തമംഗലം		141/4		കര ഭൂമി	സ്വകാര്യം	സ്വന്തം ഉടമസ്ഥത	രജിസ്റ്റർ ചെയ്ത ഉടമ	വർഷം	ഒഴിഞ്ഞ ഭൂമി
3		കെ.രാജമ്മ കുഞ്ഞുലക്ഷ്മി അമ്മ കണിക്കാപ്പുറത്ത് തെറ്റികുടി വീട്, വലിയശാല റ്റി.സി. 21/2340 വളളി വിളാകത്ത് വീട് (TP.10731)	ശാസ്തമംഗലം		141/8		കര ഭൂമി	സ്വകാര്യം	സ്വന്തം ഉടമസ്ഥത	രജിസ്റ്റർ ചെയ്ത ഉടമ	വർഷം	ഒഴിഞ്ഞ ഭൂമി
4		രാമകൃഷ്ണപിളള S/o. വേലായുധൻ	ശാസ്ത		141/10		കര ഭൂമി	സ്വകാര്യം	സ്വന്തം ഉടമ	രജിസ്റ്റർ	വർ	ഒഴിഞ്ഞ ഭൂമി

		പിള്ള നടാതല വീടുള്ള കിഴക്കതിൽ വീട്, അഞ്ചാമട .(TP.10734)	മംഗ ലം						സ്ഥത	ചെയ് ത ഉടമ	ഷം	
5		ശ്രീകണ്ഠൻ നായർ ടീ/. സുഭദ്ര അമ്മ നടാുതല വീടുള്ള ചിറ്റാഞ്ഞത്തല വീട്, അഞ്ചാമട. (TP.10734)	ശാ സ്ത മംഗ ലം		141/11		കര ഭൂമി	സ്വകാ ര്യം	സ്വന്തം ഉടമ സ്ഥത	രജി സ്റ്റർ ചെയ് ത ഉടമ	വർ ഷം	ഒഴിഞ്ഞ ഭൂമി
6		കോമളകുമാരി തങ്കച്ചി, D/o. ലളിതേശ്വരി അമ്മ ചാടിയറ നടുതല വീട് അഞ്ചാമട മുറി (ഠജ.10760)	ശാ സ്ത മംഗ ലം		141/39		കര ഭൂമി	സ്വകാ ര്യം	സ്വന്തം ഉടമ സ്ഥത	രജി സ്റ്റർ ചെയ് ത ഉടമ	വർ ഷം	ഒഴിഞ്ഞ ഭൂമി
7		ചന്ദ്രശേഖര പിള്ള S/o വേലായുധൻ നായർ പെരിമ്പല്ലൂർ കുന്നുവീട് അഞ്ചാമട, പുജപ്പുര, പി.ഒ (TP.11124)			57/12		കര ഭൂമി	സ്വകാ ര്യം	സ്വന്തം ഉടമ സ്ഥത	രജി സ്റ്റർ ചെയ് ത ഉടമ	വർ ഷം	ഒഴിഞ്ഞ ഭൂമി
8		പത്മ D/o. ഇന്ദിരാദേവി കൈലാസ്, ഠജകത/1844 കൊച്ചാർ റോഡ്, ശാസ്തമംഗലം; (TP.12940)			57/16		കര ഭൂമി	സ്വകാ ര്യം	സ്വന്തം ഉടമ സ്ഥത	രജി സ്റ്റർ ചെയ് ത ഉടമ	വർ ഷം	ഒഴിഞ്ഞ ഭൂമി
9		ലക്ഷ്മി D/o. ഇന്ദിരാദേവി രശ്മി, ഠജകത/1843, കൊച്ചാർ റോഡ്, ശാസ്തമംഗലം (TP.12941)			57/42		കര ഭൂമി	സ്വകാ ര്യം	സ്വന്തം ഉടമ സ്ഥത	രജി സ്റ്റർ ചെയ് ത ഉടമ	വർ ഷം	ഒഴിഞ്ഞ ഭൂമി

5.3. പരോക്ഷമായി ബാധിക്കപ്പെട്ടത്

കൂട്ടാൻവിള സ്വീവറേജ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമുഖേന പരോക്ഷമായി ആരുംതന്നെ ബാധിക്കപ്പെടുന്നില്ല.

5.4. ബാധിത കുടുംബങ്ങൾ

പദ്ധതി പ്രദേശത്ത് ഭൂമി ഏറ്റെടുക്കൽ മുഖേന 09 കുടുംബങ്ങളെയാണ് പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത്.

5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

പദ്ധതി പ്രദേശം സ്വകാര്യ വ്യക്തികൾ വർഷങ്ങളായി ഉപയോഗിച്ചുവരുന്നതാണ്. ഭൂമി ഏറ്റെടുക്കൽ മൂലം താമസ സ്ഥലമല്ലാത്തതിനാൽ ഉപജീവനമാർഗ്ഗത്തിനും മറ്റും കോട്ടങ്ങൾ ഉണ്ടാകുന്നില്ല.

ജഗതി-കൂട്ടാൻവിള പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആയതിന്റെ പ്രത്യാഘാതം പരോക്ഷമായി ആരെയുംതന്നെ ബാധിക്കുന്നില്ല.

അദ്ധ്യായം-6

സാമൂഹിക സാമ്പത്തിക സാംസ്കാരിക അവലോകനം

പദ്ധതി പ്രദേശത്ത് 09 സ്വകാര്യ വ്യക്തികളുടെ ഭൂമി ആണ് ഉള്ളത്. സ്വകാര്യ വ്യക്തികളെല്ലാം തന്നെ വിവിധ ജാതിമതങ്ങളിൽ ഉൾപ്പെട്ടവരാണ്. പ്രസ്തുത സ്ഥലത്ത് ആരും തന്നെ താമസിക്കുന്നവരായിട്ടില്ല. ഭൂഉടമകളിൽ ബി.എൽ, എ.പി എൽ വിഭാഗത്തിൽ പെട്ടവരും ഉണ്ട്.

അദ്ധ്യായം-7

സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

ജഗതി-കൂട്ടാൻവിള പദ്ധതിക്കായ് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ രൂപകല്പന, നിർമാണ പ്രവർത്തനങ്ങൾ, പദ്ധതിപ്രവർനങ്ങൾ എന്നിവ കാരണമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഇല്ലാതാക്കുന്നതിനോ കുറക്കുന്നതിനോ എസ്. ഐ. എ സ്റ്റഡി വളരെ പ്രയോജനപ്രദമാണ്. എസ്. ഐ. എ സ്റ്റഡി നടത്തുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷ പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതത്തിന്റെ തോത് കുറക്കുവാനും സാധിക്കും.

7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാതവിശകലനം.

നിർമാണത്തിനു മുമ്പ്	**നിർമാണ ഘട്ടം**	**പ്രവർത്തന ഘട്ടം**
ഭൂമി ഏറ്റെടുക്കൽ	പൊടി മുതലായ മാലി ന്യങ്ങൾ	
	നിർമാണഘട്ടത്തിലെ തൊഴിൽ	**സുഗമമായ മലിന ജലസംസ്ക്കരണവും** സുഗമമായി സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ള മെച്ചപ്പെട്ട റോഡ്, പട്ടണത്തിൽ ലഭ്യ മായ സൗകര്യങ്ങൾ എളുപ്പ ത്തിൽ പ്രാപ്തമാക്കുന്നു
തൊഴിലാളികളുടെയും, പരിസരത്ത് താമസി ക്കുന്ന വരുടെയും അപകടസാധ്യതകളും സുരക്ഷയും	തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്ന വരുടെയും അപകട സാധ്യതകളും സുരക്ഷയും	

7.3 ആഘാത ബാധിതരുടെ തരം.

1. <u>പ്രാഥമിക ആഘാത ബാധിതർ.</u>
   കൂട്ടാൻവിള സ്വീവറേജ് പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിഏറ്റെടുക്കുമ്പോൾ 9

ഭൂഉടമകളെയാണ് പ്രാഥമികമായി ആഘാതം ബാധിക്കുന്നത്,

2. ദ്വിതീയ ആഘാത ബാധിതർ

പദ്ധതി പ്രദേശത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും ആണ് ദ്വിതീയ ആഘാത ബാധിതരായി കണക്കാക്കുന്നത്.

7.4 പൊതുജനങ്ങളുടെ ആശങ്കകൾ

ആരോഗ്യം : നിലവിലെ കൂട്ടാൻവിള സ്വീവറേജ് പദ്ധതി മലിനജലസംസ്ക്കരണത്തിനുവേണ്ടി ആയതിനാൽ പദ്ധതി പ്രദേശത്തുകൂടെ കടന്നുപോകുമ്പോൾ ഏതെങ്കിലും വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഇതിനോടനുബന്ധിച്ച് ഉണ്ടാകുവാൻ സാധ്യതയുണ്ടോ എന്നുള്ള ആശങ്ക പ്രദേശവാസികളിൽ ചെറിയതോതിൽ നിലനിൽക്കുന്നു.

7.5 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുമുള്ള മാർഗ്ഗങ്ങൾ

1. 23-09-15 ലെ 485/15/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂവുടമകളുമായി ചർച്ച നടത്തി നിലവിലെ കമ്പോളവില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

2. 29-12-17 ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക.

3. പദ്ധതി ആസൂത്രണം നിർവ്വഹണ സമയങ്ങളിൽ അത്യാവശ്യം വേണ്ട സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

7.6 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസവ്യവസ്ഥകൾ

LARR Act ആക്ടറ്റ് RTFCT അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം നൽകണം പുനാരധിവാസവും സാധ്യമെങ്കിൽ നടത്തേണ്ടതാണ്.

7.7 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

നമ്പർ	പ്രത്യാഘാതത്തിന്റെ തരം	സ്തിതിവിവരം	ലഘൂകരണമാർഗ്ഗങ്ങൾ
1.	ഭൂമി നഷ്ടപ്പെടുന്നത്	05 ഭൂഉടമസ്ഥരുടെ ഭൂമിയെ പ്രത്യക്ഷമായി ബാധിക്കുന്നു	(1) 2013 ലെ ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും

			പുനരധിവാസത്തിനും പുനസ്ഥാപനത്തിലുമുള്ള അവകാശനിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം

അധ്യായം-8

സാമൂഹ്യ പ്രത്യഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

ജഗതി-കൂട്ടാൻവിള സ്വീവറേജ് പദ്ധതി **2013** ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള **"പൊതു ആവശ്യം"** എന്ന ശീർഷകത്തിൽ

വരുന്നതാണ്. കാലാകലങ്ങളായി ഭൂമിയും വസ്തുവകകളും കൈവശംവച്ചും ഉടമസ്ഥ പ്പെടുത്തിയും വരുന്ന ഭൂ ഉടമകൾ ഈ പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആഘാതബാധിതരായി മാറുന്നു എന്നതാണ് സാമൂഹ്യപ്രത്യാഘാതവിലയിരുത്തൽപഠനം വെളിപ്പെടുത്തുന്നത്. ആയതിനാൽ 2013 ലെ നിയമങ്ങളിലും അനുബന്ധചട്ടങ്ങളിലും വ്യവസ്ഥചെയ്തിരിക്കുന്ന എല്ലാ നഷ്ട പരിഹാരവും സർക്കാർ നിജപ്പെടുത്തിനൽകികൊണ്ട് സാമൂഹ്യപ്രത്യാഘാതം പരമാവധി കുറയ്ക്കാവുന്നതാണ്.

അധ്യായം-9

സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതി, സ്ഥാപനപരമായ ചട്ടകൂട്

സ്ഥാപനഘടനയും പ്രധാനവ്യക്തികളും :

പദ്ധതി പ്രദേശത്തെ ഭൂമിഏറ്റെടുക്കൽവഴി ബാധിതരായ വ്യക്തികൾക്കും, കുടുംബങ്ങൾക്കും പുനരധിവാസ പുനസ്ഥാപനപ്രവർത്തികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണമെന്നാണ് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥചെയ്യുന്നത്. ഇതിൻ പ്രകാരം തിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും പനരധിവാസപുസ്ഥാപന കമ്മീഷണറുടെയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർദ്ദേശങ്ങൾ അനുസരിച്ച് പുനരധിവാസപുനസ്ഥാപന പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്നും, ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും

നിയമം അനുശാസിക്കുന്നു.

മേൽപറഞ്ഞ പ്രകാരം 2013 ലെ നിയമം അനുശാതിക്കുന്ന രീതിയില അനുയോജ്യമായ നഷ്ടപരിഹാരം നൽകികൊണ്ടുളള ആഘാത ലഘൂകരണമാർഗ്ഗങ്ങളിലൂടെ ജഗതി-കൂട്ടാൻവിള സ്വീവറേജിന് ആവശ്യമായ ഭൂമി പ്രയാസങ്ങളും എതിർപ്പുകളും പരമാവധി ലഘൂകരിച്ചുകൊണ്ട് ഏറ്റെടുക്കാൻ സാധിക്കുന്നതാണ്. സംസ്ഥാന സർക്കാർ 2015 സെപ്തംബർ 23 ലെ ഉത്തരവ് (എം.എസ്.) നമ്പർ 485/2015/ആർ.ഡി., സംസ്ഥാന സർക്കാരിന്റെ ഭൂമിഏറ്റെടുക്കൽ സുതാര്യതയ്ക്കായുളള നയം എന്നിവ സുപ്രധാനരേഖകളാണ്.

എല്ലാജില്ലകളിലും ന്യായവില, പുനരധിവാസപുനസ്ഥാപന കമ്മറ്റികൾ രൂപവല്ക്കരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വേഗതകൂട്ടാനും സമയബന്ധിതമായി നഷ്ടപരിഹാരം നല്കുന്നതിനും വേണ്ടി ജില്ലാകളക്ടർ, അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനസ്ഥാപനം), ലാന്റ് അക്വസിഷൻ ഓഫീസർ, ഫൈനാൻസ് ഓഫീസർ, അർദ്ധാതികാരി, പ്രാദേശിക സ്വയംഭരണസ്ഥാപനത്തിലെ പ്രതിനിധി തുടങ്ങിയവർ അംഗങ്ങളായ സമിതി മേൽനോട്ടം വഹിക്കുന്നു.

അധ്യായം-10

സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതി നിരീക്ഷണവും അവലോകനവും

2013-ലെ LARR Act അനുസരിച്ച് RTFCT പ്രകാരമുള്ള നഷ്ട പരിഹാരം ഭൂഉടമകൾക്ക് നൽകിയോ എന്നും ന്യായമായ നഷ്ടപരിഹാരം ലഭിച്ചോ എന്നുള്ളതും നിരീക്ഷിക്കുകയും അവലോകനം നടത്തുകയും വേണം.

അധ്യായം-11
വിലയുടെയും നേട്ടങ്ങളുടെയും അപ്രഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശിപാർശകളും

ജഗതി-കൂട്ടാൻവിള സ്വീവറേജ് പദ്ധതി പ്രദേശം വിവിധ സ്വകാര്യ വ്യക്തികളുടെ കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നു. ഈ പദ്ധിതിയുടെ നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കുന്നതിലുള്ള ആഘാതം ന്യായീകരിക്കാവുന്നതേയുള്ളൂ.

പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും അവരുടെ താൽപര്യവും കണക്കിലെടുത്ത് ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കണം

11.1 പ്രധാന കണ്ടെത്താലുകൾ

- എസ്.ഐ.എ യൂണിറ്റിന്റെ കണ്ടെത്തൽ പ്രകാരം പദ്ധതിപ്രദേശത്ത് 09 സ്വകാര്യ ഭൂഉടമകൾ ഉണ്ട്
- ഗവൺമെന്റ് ഭൂമികൾ ഇല്ല.
- പദ്ധതി പ്രദേശം സ്വകാര്യ വ്യക്തികൾ കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്നു.
- പദ്ധതി പ്രദേശത്ത് നിന്നുള്ള വരുമാനം കൊണ്ടുമാത്രം ഉപജീവനം നടത്തുന്ന കുടുംബങ്ങളും ഇല്ല.
- ഭൂരിഭാഗം ഭൂമിയും പാരമ്പര്യമായി കൈമാറി വന്നവയാണ്.
- പദ്ധതി നടപ്പിൽ വരുന്നതു വഴി പൊതുജനങ്ങൾക്ക് വളരെയേറെ പ്രയോജനമാണ് ലഭിക്കുന്നത്.

11.2 എസ്.ഐ. എയുടെ ശിപാർശകൾ

- പദ്ധതി ബാധിത കുടുംബങ്ങൾക്ക് അർഹമായ പുരധിവാസവും ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരവും ഉറപ്പുവരുത്തേണ്ടതാണ്.
- ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടത് നാടിന്റെയും നാട്ടുകാരുടെയും ആവശ്യമാണ്.